**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3930** **09-10-2025 - ൽ മറുപടിയ്ക്ക്**

**വ്യവസായിക ഫാമുകൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിയ സവിശേഷ പദ്ധതികൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ് മുഖേനയും വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെയും കീഴിൽ നടപ്പിലാക്കിയ സവിശേഷ പദ്ധതികൾ ചുവടെ നൽകുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ സവിശേഷ പദ്ധതികൾ:-<br><u>പത്തനംതിട്ട ജില്ല</u><br>1. എൻ എൽ എം റൂറൽ ബാക്ക്യാർഡ് ഗോട്ട് ഡെവലപ്പ്മെന്റ്<br>2. മൊബൈൽ വെറ്ററിനറി യൂണിറ്റ്<br>3. മൊബൈൽ സർജറി യൂണിറ്റ്<br>4. ഇ സമൃദ്ധ<br>5 .സമഗ്ര ഫാം സഹായക പാക്കേജ് പദ്ധതി<br><u>കോട്ടയം ജില്ല</u><br>1. ആട് വളർത്തൽ (കോമേർഷ്യൽ ഗോട്ടറി )<br>2. ആട് വളർത്തൽ (എൻ. എൽ.എം)<br>3. എൻ. എൽ.എം, ഗോ സമൃദ്ധി ഇൻഷുറൻസ് പദ്ധതി<br>4. രാത്രികാല മൃഗ ചികിത്സ സേവനം പദ്ധതി<br>5. മൊബൈൽ വെറ്ററിനറി യൂണിറ്റ്<br>6. മൊബൈൽ സർജറി യൂണിറ്റ്.<br>7. സമഗ്ര ഫാം സഹായക പാക്കേജ് പദ്ധതി<br><br>മീറ്റ് പ്രൊഡക്ട് ലിമറ്റഡിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് പത്തനംതിട്ട, കോട്ടയം |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്<br><br>പത്തനംത്തിട്ട ജില്ല<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഡിസ്ട്രിബ്യൂട്ടർ നിയമനം-1<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഡീലർഷിപ് - 2<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഫ്രാഞ്ചൈസി ഔട്ട് ലെറ്റ് -1<br><br>കോട്ടയം ജില്ല<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഡിസ്ട്രിബ്യൂട്ടർ നിയമനം-1<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഡീലർഷിപ്പ്-8<br><br>ഇറച്ചി ഉൽപ്പന്ന വിപണനത്തിനുള്ള ഫ്രാഞ്ചൈസി ഔട്ട് ലെറ്റ് -5<br><br>കേരള ഫീഡ്സ് ലിമിറ്റഡിന്റെ കീഴിൽ കോട്ടയം, പത്തനംതിട്ട ജില്ലകളിൽ മൃഗസംരക്ഷണ വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള കാലിത്തീറ്റ വിതരണ പദ്ധതികളിൽ കേരള ഫീഡ്സ് ഉത്പന്നങ്ങൾ വിതരണം ചെയ്തുവരുന്നു.<br><br>കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിലെ ചിതറയിലും, കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഈ മേഖല വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമതയെ സാരമായി ബാധിക്കുന്ന വന്ധ്യതാ പ്രശ്നങ്ങൾ പരിഹരിക്കുവാനും, ഇതിലൂടെ ഈ മികച്ച പശുക്കളുടെ പാലുൽപ്പാദന ക്ഷമത പൂർണ്ണമായും ഉപയോഗിക്കുവാനും സാധിക്കുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് വ്യാവസായികമായി ഫാമുകൾ നടത്തുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (ബി) | ക്ഷീരകർഷകർക്കായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സമഗ്ര ഫാം സഹായ പാക്കേജ് പദ്ധതി. 2025-26 കാലയളവിൽ ഇടത്തരം ക്ഷീരകർഷകർക്കായി ഈ പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി കുറഞ്ഞത് 10 മുതൽ പരമാവധി 20 കറവ |

പശുക്കളുള്ള കർഷകരെ തിരഞ്ഞെടുക്കുന്നു. പ്രതിവർഷം 1,00,000 രൂപയുടെ സാമ്പത്തിക സഹായം ഈ പദ്ധതി നൽകുന്നു. ഇത് പദ്ധതിയുടെ ഭാഗമായി നിർവ്വഹണ ചെലവുകളും ഉൾക്കൊള്ളുന്നു.

കോട്ടയം ജില്ലയിൽ 3 യൂണിറ്റ് അനുവദിച്ചത് പ്രകാരം 3 കർഷകർക്ക് നിർവ്വഹണ ചെലവുകൾ ഉൾപ്പെടെ 1,00,000 രൂപയുടെ സാമ്പത്തിക സഹായം മൃഗസംരക്ഷണ വകുപ്പ് നൽകുന്നു.

പത്തനംതിട്ട ജില്ലയ്ക്ക് 3,00,000/- രൂപ (3 യൂണിറ്റ്)അനുവദിച്ചിട്ടുണ്ട്.

കേരള ഫീഡ്സ് സംസ്ഥാനത്ത് വ്യാവസായികമായി ഫാമുകൾ നടത്തിവരുന്നവർക്ക് അവർ ഓർഡർ നൽകുന്ന മുറയ്ക്ക് കേരള ഫീഡ്സിന്റെ ഉത്പന്നങ്ങൾ വിതരണം ചെയ്തു വരുന്നു.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ കീഴിൽ മൃഗസംരക്ഷണ ക്ഷീരവികസന മേഖലയിലെ കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.ദേശീയ കന്നുകാലി മിഷൻ പദ്ധതിയുടെ ഭാഗമായി കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ കൃഷി എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു.ഈ പദ്ധതികളിൽ അംഗമാകുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്.

ദേശീയ കന്നുകാലി മിഷന്റെ ഭാഗമായി ആദ്യ കാലങ്ങളിൽ സബ്സിഡി പരിധി കോഴി വളർത്തലിന് 25 ലക്ഷം രൂപ, ആട് വളർത്തലിന് 50 ലക്ഷം രൂപ, പന്നി വളർത്തലിന് 30 ലക്ഷം രൂപ, തീറ്റപ്പുൽ സംസ്കരണം 50 ലക്ഷം രൂപ എന്ന നിലയ്ക്കാണ് നൽകി വന്നിരുന്നത്. എന്നാൽ കൂടുതൽ സാധാരണ കർഷകരെ ഇതിലേയ്ക്ക് ഗുണഭോക്താക്കളാക്കുക എന്ന ലക്ഷ്യത്തോടെ 28/12/2022 മുതൽ ആടിനും പന്നിയ്ക്കും താഴെപ്പറയുന്ന രീതിയിൽ സബ്സിഡിയുടെ പരിധി ലഘൂകരിച്ച് നിജപ്പെടുത്തിയിട്ടുണ്ട്.

ആട് വളർത്തൽ സബ്സിഡി (maximum)

100 പെണ്ണാട് 5 മുട്ടനാട് - 10 ലക്ഷം രൂപ

200 പെണ്ണാട് 10 മുട്ടനാട് - 20 ലക്ഷം രൂപ

| | | | |
|---|---|---|---|
| | | | 300 പെണ്ണാട് 15 മുട്ടനാട് - 30 ലക്ഷം രൂപ<br><br>400 പെണ്ണാട് 20 മുട്ടനാട് - 40 ലക്ഷം രൂപ<br><br>500 പെണ്ണാട് 25 മുട്ടനാട് - 50 ലക്ഷം രൂപ<br><br>പന്നി വളർത്തൽ<br><br>50 പെൺ പന്നി 5 ആൺ പന്നി - 15 ലക്ഷം രൂപ<br><br>100 പെൺ പന്നി 10 ആൺ പന്നി - 30 ലക്ഷം രൂപ<br><br>ഈ പദ്ധതികൾ നടപ്പിലാക്കുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്. കെ.എൽ.ഡി ബോർഡും മൃഗസംരക്ഷണ വകുപ്പും ചേർന്ന് സംയുക്തമായാണ് പുതുസംരംഭകരെ തെരെഞ്ഞെടുക്കുന്നത്.<br><br>പ്രസ്തുത പദ്ധതിയിലൂടെ രോഗമുക്തമായതും മികച്ച ഉൽപ്പാദന ശേഷിയുള്ളതുമായ കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | മൃഗസംരക്ഷണത്തിന്റെ ഭാഗമായി ആട്, കോഴി, പശു, എരുമ എന്നിവയുടെ വിവിധ തദ്ദേശീയ ഇനങ്ങളെ പരിപാലിക്കുന്ന സ്വകാര്യ സംരംഭകർക്ക് എന്തൊക്കെ സവിശേഷ ആനുകൂല്യങ്ങളാണ് നല്കി വരുന്നത്; ഇല്ലെങ്കിൽ പ്രത്യേക ആനുകൂല്യം പുതുതായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ? | (സി) | കുട്ടൻപ്പുഴ കുള്ളൻ, വിലാഡ്രി , കാസർഗോഡ് കുള്ളൻ , വെച്ചൂർ , ഗിർ, കാങ്കരെറ്റ്, സഹിവാൾ ഉൾപ്പെടെയുള്ള തദ്ദേശീയ ഇനങ്ങളുടെ ബീജം ആവശ്യാനുസരണം ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ